(ബി) ഇല്ലെങ്കിൽ ഇനിയും എത്ര പേർക്ക് തുക നൽകാനുണ്ടെന്നറിയിക്കുമോ ;

(സി) ഓരോത്തർക്കും എത്ര തുക വീതം നൽകാനുണ്ടെന്നതിന്റെ വിശദാംശം അറിയിക്കുമോ ;

(ഡി) തുക എന്നത്തേക്ക് പൂർണ്ണമായും നൽകാനാകുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ കോൾ വികസനത്തിനായി ഏറ്റെടുത്ത മുഴുവൻ ഭൂമിക്കും വില നൽകിയിട്ടില്ല.

(ബി) ഏകദേശം 420 ഭൂവുടമകൾക്ക് നഷ്ടപരിഹാര തുക നൽകാനുണ്ട്.

(സി) നെഗോഷ്യബിൾ പർച്ചേസ്, ലാന്റ് അക്വിസിഷൻ പ്രകാരം നിലവിലുള്ള എൽ.എ.ആർ. കേസ്സുകൾ എന്നിവയ്ക്കായി ഉദ്ദേശം 2,50,19,500 രൂപയോളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഓരോരുത്തർക്കും എത്ര തുക നൽകേണ്ടിവരുമെന്നത് പരിശോധിച്ചുവരുന്നു.

(ഡി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തുക വിതരണം ചെയ്യുന്നതാണ്.

എൽസ്റ്റൺസ് ടീ എസ്റ്റേറ്റ്-പഴൂർ പ്ലാന്റേഷൻ ഭൂമി മുറിച്ചുവിറ്റ നടപടി

179 (T3959) ശ്രീ. പി. കൃഷ്ണ പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ മേപ്പാടിയിൽ പ്രവർത്തിക്കുന്ന എൽസ്റ്റൺ ടീ എസ്റ്റേറ്റ് പഴൂർ പ്ലാന്റേഷൻ തോട്ട ഭൂമി അനധീകൃതമായി മുറിച്ചുവിറ്റ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തോട്ടത്തിന്റെ മേപ്പാടി ടൗണിനോട് ചേർന്നതും, കോഴിക്കോട്-ഊട്ടി സംസ്ഥാന പാതയ്ക്ക് ഇരുവശവും വരുന്നതുമായ തോട്ടഭൂമി നടത്തിപ്പുകാരൻ വിൽപ്പന നടത്തിയതും തോട്ടത്തിൽ നിന്നും തേയില ചെടികൾ പറിച്ചു നീക്കിയതും സ്വകാര്യ കെട്ടിടങ്ങൾ നിർമ്മിച്ചതും പരിശോധിക്കുമോ ;

(സി) ഈ തോട്ട ഭൂമി മുറിച്ച് തുണ്ടുഭൂമികളാക്കി വിറ്റതിനെതിരെ നടപടി സ്വീകരിക്കാനും തോട്ടം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) ഇങ്ങനെ നടപടി സ്വീകരിക്കുന്നതിന് നിയമ തടസ്സമുണ്ടോ ; എങ്കിൽ ആയത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് വൈത്തിരി താലൂക്ക് ലാന്റ് ബോർഡ് ചെയർമാൻ മുമ്പാകെ ഫയലുകൾ നിലവിലുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആയത് സംബന്ധിച്ച് അന്വേഷണം നടത്തി നിലവിലുള്ള നിയമപ്രകാരം നടപടികൾ സ്വീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്.

(ഡി) കേരള ലാന്റ് റിഫോംസ് ആക്ട് സെക്ഷൻ 81 പ്രകാരമുള്ള ഇളവ് അനുവദിച്ചിട്ടുള്ള തോട്ടഭൂമികൾ മുറിച്ചുവിൽക്കുന്നത് തടയുന്നതിന് പ്രസ്തുത ആക്ടിലോ അനുബന്ധ ചട്ടങ്ങളിലോ വ്യവസ്ഥയില്ലാത്തതാണ്. എന്നാൽ പ്രസ്തുത നിയമത്തിലും ചട്ടങ്ങളിലും ഭേദഗതിവരുത്തി ഇപ്രകാരം ഇളവ് അനുവദിക്കപ്പെട്ട ഭൂമികൾ മുറിച്ചുവിൽക്കുന്നത് തടയുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിക്കുന്നതാണ്.

കുളം പുറമ്പോക്ക് പതിച്ചുനൽകിയ സംഭവം

180 (3964) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ കുടപ്പനക്കുന്ന് വില്ലേജിൽ മുൻ സർവ്വേ 1829-ൽ ഉൾപ്പെട്ട റീസർവ്വേ ബ്ലോക്ക് 22-ൽ സർവ്വേ 343/5-ൽ ഉൾപ്പെട്ട സർക്കാർ വക കുളം പുറമ്പോക്ക് സ്വകാര്യ വ്യക്തിയുടെ പേരിൽ പട്ടയം പതിച്ചു നൽകിയ സംഭവം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് സർവ്വേ വിജിലൻസ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവോ ;

(സി) ഈ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ഡി) സർക്കാർ വക കുളം പുറമ്പോക്ക് സ്വകാര്യ വ്യക്തിക്ക് പതിച്ചു കൊടുത്ത നടപടി റദ്ദാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിനു കാരണമെന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത് സംബന്ധിച്ച അന്വേഷണത്തിൽ ഉത്തരവാദിയായി കണ്ടെത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇദ്ദേഹത്തെ തിരുവനന്തപുരം താലൂക്കിലെ മണക്കാട് വില്ലേജിലെ സർക്കാർ വക പുറമ്പോക്ക് ഭൂമി ഫിക്സ് ചെയ്ത് നൽകാൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ജി) സർക്കാർ കുളം പുറമ്പോക്ക് ഭൂമി പതിച്ചു നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly